മാതൃകാ പോലീസ് സ്റ്റേഷനുകൾ

23 (*173)ശ്രീ. സി.എൻ. ജയദേവൻ:
ശ്രീ. സത്യൻ മൊകേരി :
ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകൾ മാതൃകാ പോലീസ് സ്റ്റേഷനുകളാക്കിയിട്ടുണ്ട്;

(ഡി) മാതൃകാ പോലീസ് സ്റ്റേഷനുകളുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി)ഉണ്ട്. സംസ്ഥാനത്ത് '120' പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത പോലീസ് സ്റ്റേഷനുകളുടെ ജില്ല തിരിച്ചുള്ള വിവരവും റിസപ്ഷൻ കൗണ്ടർ ആരംഭിച്ച വർഷവും അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(സി) സംസ്ഥാനത്ത് 20 പോലീസ് സ്റ്റേഷനുകൾ മാതൃകാ പോലീസ് സ്റ്റേഷനുകളായി പ്രവർത്തിച്ചുവരുന്നു. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

മാതൃകാ പോലീസ് സ്റ്റേഷനുകൾ

തിരുവനന്തപുരം സിറ്റി

1. കന്റോൺമെന്റ്
2. പേരൂർക്കട
3. ഫോർട്ട്
4. തമ്പാനൂർ
5. പേട്ട

തിരുവനന്തപുരം റൂറൽ

6. ആറ്റിങ്ങൽ
7. വെഞ്ഞാറമൂട്

കൊല്ലം

8. കരുനാഗപ്പള്ളി

പത്തനംതിട്ട

9. ആറന്മുള

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ

10. ആലപ്പുഴ നോർത്ത്

കോട്ടയം

11. കിടങ്ങൂർ

കൊച്ചി സിറ്റി

12. കളമശ്ശേരി

പാലക്കാട്

13. മലമ്പുഴ

മലപ്പുറം

14. പെരിന്തൽമണ്ണ

കോഴിക്കോട് സിറ്റി

15. നടക്കാവ്

കോഴിക്കോട് റൂറൽ

16. പയ്യോളി

വയനാട്

17. ബത്തേരി

18. മീനങ്ങാടി

കാസർഗോഡ്

19. നീലേശ്വരം

20. കുമ്പള

(ഡി) മാതൃകാ പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ സംവിധാനം ഏർപ്പെടുത്തി പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾക്ക് രസീത് നൽകുന്നുണ്ട്. പരാതിയുമായി വരുന്ന പൊതുജനങ്ങളോട് സൗമ്യമായി പെരുമാറുന്നതിനും അവർക്ക് ഇരിപ്പിടം നൽകുന്നതിനും കുടിവെള്ളം കൊടുക്കുന്നതിനും മറ്റും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ റസിഡൻഷ്യൽ അസോസിയേഷനുകളുമായി സഹകരിച്ച് കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം സിറ്റിയിലെ മാതൃകാപോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സൗകര്യത്തോടുകൂടി റിസപ്ഷൻ കൗണ്ടറുകൾ പ്രവർത്തിച്ചുവരുന്നു. മാതൃകാ പോലീസ് സ്റ്റേഷനുകളിൽ പകൽ സമയത്ത് പാറാവ് ഡ്യൂട്ടി മാറ്റി റിസപ്ഷൻ കൗണ്ടർ ആയി പ്രവർത്തിക്കുന്നു.

സബ്സിഡികൾ കുറയ്ക്കരുതെന്ന നിർദ്ദേശം

24 (*174)ശ്രീ. പി. രാഘവൻ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. വർഗ്ഗീസ് വൈദ്യർ :

ശ്രീ. പി.കെ. കുമാരൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly